On. 29/06/2020
7.2.20



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ ***AP 2720(2)/2018/എസ്.ഐ.സി***

തീർപ്പു കല്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.14237/എസ്.ഐ.സി-ജി 6/18

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ. ബി.ചന്ദ്രൻ,
മൂൺലൈറ്റ്, വെങ്ങാനൂർ
വെങ്ങാനൂർ പി.ഒ
തിരുവനന്തപുരം
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ആന്റ് സെക്രട്ടറി
കോട്ടുകാൽ ഗ്രാമപഞ്ചായത്ത്
കോട്ടുകാൽ പി.ഒ, ബാലരാമപുരം695501

2. അപ്പീൽ അധികാരി,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
തിരുവനന്തപുരം
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.08.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13.09.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 19.09.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 17.10.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 07.12.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 07.12.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14.06.2019, 14.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09.07.2019, 26.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.10.2019 –കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തെറ്റായ മറുപടി നൽകി എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

3. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 14.08.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പഞ്ചായത്ത് റോഡിലെ അനധികൃത നിർമ്മാണം സംബന്ധിച്ച് 7250(29/6/2018) ലെ പരാതിയും, ടി പരാതി പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും, നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള തടസ്സം വ്യക്തമാക്കണം എന്നുമാണ്.
4. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 13.09.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, പള്ളി അധികാരികൾ, പള്ളിവക വസ്തുവിൽ ഉള്ള റോഡ് തന്നെയന്നും, ടി റോഡ് പഞ്ചായത്ത് വക അല്ലെന്നും എതിർവാദ പത്രിക നൽകിയിരിക്കുകയാണെന്നും ആയതിനാൽ ടി ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് കോട്ടുകാൽ വില്ലേജ് ഓഫീസറോടും നെയ്യാറ്റിൻകര താലൂക്ക് സർവ്വേയറോടും ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ്.
5. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 19.09.2019 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും തെറ്റായതാണെന്നും, ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകണമെന്നുമാണ്.
6. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 17.10.2018 തീയതി നൽകിയ മറുപടിയിൽ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും, പകർപ്പുകൾ ആവശ്യമുള്ളവയ്ക്ക് ഫീസ് അടച്ച് രസീത് ഹാജരാക്കുന്ന മുറയ്ക്ക് അവ നൽകുന്നതാണെന്നും അറിയിച്ചു.
7. 09.07.2019 തീയതി ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയെന്നും, അത് തെറ്റാണെന്നാരോപിച്ച് അപ്പീൽ അപേക്ഷ നൽകിയെന്നും, അപ്പീൽ അധികാരിയുടെ നിർദ്ദേശമനുസരിച്ച് ടിയാൻ ആവശ്യപ്പെട്ട റിപ്പോർട്ടുകളുടെ

പകർപ്പുകൾ 04.04.2019 ന് അയച്ചു കൊടുത്തിട്ടുണ്ടെന്നും, കമ്മീഷനിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം വീണ്ടും സൗജന്യമായി അയച്ചു നൽകിയിട്ടുണ്ടെന്നും, ആയതിന്റെയെല്ലാം പകർപ്പുകളും ഡെസ്പാച്ച് രജിസ്റ്ററുകളുടെ പകർപ്പുകളും താലൂക്ക് സർവ്വേയർക്ക് നൽകിയ കത്തിന്റെ പകർപ്പും മറ്റും സമർപ്പിക്കുന്നുവെന്നുമാണ്. 26.10.2019 ന് സമർപ്പിച്ച റിപ്പോർട്ടിനൊപ്പം ടി രേഖകൾ ഹാജരാക്കുകയും ചെയ്തു.

8. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന രേഖകൾ അയച്ചു നൽകിയെങ്കിലും ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിലേയ്ക്ക് കോട്ടുകാൽ വില്ലേജ് ഓഫീസറോടും നെയ്യാറ്റിൻകര താലൂക്ക് സർവ്വേയറോടും ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ട് എത്രയും വേഗം വാങ്ങി ആയതു സംബന്ധിക്കുന്ന നടപടി ക്രമങ്ങൾ പൂർത്തിയാക്കണമെന്നും, റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്നും കമ്മീഷൻ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res